അഭിമുഖം ●

**താരിഖ് റമദാൻ**

**സകിയ കോയ**



# വൈവിധ്യം വെല്ലുവിളി മാത്രമല്ല, അനുഗ്രഹം കൂടിയാണ്

**ഹ്രസ്വ സന്ദർശനാർഥം മലേഷ്യയിലെത്തിയ പ്രഫ. താരിഖ് റമദാനുമായി സകിയ കോയ ക്വാലാലംമ്പൂരിൽ നടത്തിയ അഭിമുഖത്തിന്റെ പ്രസക്ത ഭാഗങ്ങൾ**

● *മുസ്‌ലിംകൾ അവരുടെ മതം കുറ്റമറ്റതാണെന്ന് പറയാറുണ്ട്.  അതുകൊണ്ട് തന്നെ പലരും മറ്റു മതങ്ങളുമായുള്ള സംവാദങ്ങൾക്ക് എതിരാണ്. അവർ ഉന്നയിക്കുന്ന വാദമുഖങ്ങൾ എന്താണ്? മതങ്ങൾക്കിടയിലെ സംവാദങ്ങളെ താങ്കൾ പ്രോൽസാഹിപ്പിക്കാൻ കാരണം?*

അതെ. ഞങ്ങൾക്ക് സമ്പൂർണമായ ഒരു മതമുണ്ട്. പക്ഷേ ഞങ്ങൾ കുറ്റമറ്റവരല്ല. മറ്റു മതങ്ങളുമായി ഇടപെടുമ്പോൾ ഞങ്ങളുടെ തന്നെ പോരായ്മകളാണ് ഞങ്ങൾ അന്വേഷിക്കുന്നത്. ജൂതരുമായോ ക്രിസ്ത്യാനികളുമായോ ബുദ്ധ മതക്കാരുമായോ നിരീശ്വര നിർമതവാദികളുമായോ സംവദിക്കുമ്പോൾ നിങ്ങൾ അവഗണിച്ച ചിലതിനെ നിങ്ങൾക്ക് ചൂണ്ടികാണിച്ച് തന്നുകൊണ്ട് നിങ്ങളുടെ മതത്തെ കൂടുതൽ മെച്ചപ്പെട്ടവിധം പിന്തുടരാൻ നിങ്ങളെ സഹായിക്കുകയാണ് ചെയ്യുക.

ഉദാഹരണം പറഞ്ഞാൽ, ഞാൻ തെക്കേ അമേരിക്കയിലായിരുന്നപ്പോൾ അവിടത്തെ പുരോഹിതന്മാർ സ്നേഹത്തെ കുറിച്ച് സംസാരിക്കുന്നത് കേട്ടിരുന്നു. ഇസ്‌ലാമിൽ സ്നേഹത്തിന്റെ ആ

ത്മീയ പരിണാമത്തെ കുറിച്ചും ജീവിതത്തിൽ അതിന്റെ പ്രാധാന്യത്തെ കുറിച്ചും സംസാരിക്കാൻ അതിലൂടെ ഞാൻ പഠിക്കുകയുണ്ടായി. അപ്പോൾ മറ്റുള്ളവരുടെ അനുഭവം നിങ്ങളുടെ മതത്തിന്റെ വീക്ഷണങ്ങളെ കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിക്കുകയാണ് ചെയ്യുന്നത്.

നമ്മൾ മൂല്യങ്ങളെ കുറിച്ച് സംസാരിക്കുമ്പോൾ, അന്തസ്സിനെ കുറിച്ചും ഐക്യത്തെ കുറിച്ചും സംസാരിക്കുമ്പോൾ, വംശീയതയെ കുറിച്ച് സംസാരിക്കുമ്പോൾ സംവാദം വളരെ പ്രധാനമാണെന്ന കാര്യത്തിൽ സംശയമില്ല. ക്രിസ്ത്യാനികളുമായും ബുദ്ധരുമായും സംസാരിക്കുമ്പോൾ മറ്റൊന്നിനുമല്ല അവർ എന്നെ ശ്രവിക്കുന്നത്. ലോകത്തെ മെച്ചപ്പെടുത്തുകയും നല്ലൊരു സ്ഥലമായി മാറ്റുകയുമാണ് എല്ലാവർക്കും വേണ്ടത്.

നിങ്ങൾ സംവാദത്തിൽ ഏർപ്പെടുന്നില്ലെങ്കിൽ നമുക്ക് സാമൂഹിക അനുരജ്ഞനം സാധ്യമല്ലാതെ വരും. മതങ്ങൾക്കിടയിൽ സംവാദം ആവശ്യമാണ്. നമുക്ക് വിശകലനം ചെയ്യേണ്ട ധാരാളം മേഖലകൾ ഉണ്ട്. ഉദാഹരണത്തിന് നമ്മൾ വിശ്വസിക്കുന്നതിൽ നാം എന്തുകൊണ്ട് വിശ്വസിക്കുന്നു? പട്ടിണി കാരണം ദിനേന 100,000 പേർ മരിച്ചുകൊണ്ടിരിക്കുന്നതിൽ അല്ലാഹു സന്തോഷവാനാണെന്ന് വിശ്വസിക്കാൻ കഴിയുന്ന ആരെങ്കിലുമുണ്ടാവുമോ? നമ്മൾ ആഗോള താപനത്തെ കുറിച്ച് സംസാരിക്കുമ്പോൾ ദൈവം നമ്മോടൊപ്പം സന്തോഷവാനായിരിക്കുമെന്ന് ഉറപ്പിച്ച് പറയുന്നവർ ഉണ്ടാകുമോ?

വെല്ലുവിളികളെ ധീരമായി നാം നേരിടുന്നില്ല എന്ന് നമുക്കറിയാം. കേവലമായ വാക്കുകളുടെ കൈമാറ്റമായി മാത്രം കാണുന്നില്ലെങ്കിൽ, സംവാദം അർഥപൂർണമായ കൈമാറ്റമാകുമെന്നതിൽ സംശയമില്ല.

● *മുസ്‌ലിംകൾ അവരുടെ മതം സമ്പൂർണമാണെന്ന് പറയുമ്പോൾ, ഇസ്‌ലാമിനെ പരിഷ്കരിക്കണമെന്ന് താങ്കൾ പറയുന്നതിൽ എന്ത് അർഥമാണുള്ളത്?*

ഞാൻ അത് പറയുന്നില്ല. പരിഷ്ക്കരണം വേണ്ടത് ഇസ്‌ലാമിനല്ല. മുസ്‌ലിംകൾക്ക് ഇസ്‌ലാമിനെ കുറിച്ച് ഗ്രാഹ്യതയുണ്ടാവാൻ ഇസ്‌ലാമിൽ തന്നെ സംവിധാനങ്ങൾ ഉണ്ട്. മുസ്‌ലിം മനസ്സുകളിലാണ് പരിഷ്കരിക്കരണം വേണ്ടത്. മുസ്‌ലിംകൾ അവലംബിക്കുന്ന മൂലഗ്രന്ഥങ്ങൾ – വിശുദ്ധ ഖുർആനും ഹദീസും – അത് അതുപോലെ തന്നെ നിലകൊള്ളും. അവക്ക് ഒരു മാറ്റവും ഉണ്ടാവാൻ പോവുന്നില്ല. ഒരിക്കലും കാലഹരണപ്പെടാത്ത തത്ത്വങ്ങൾ നമുക്കുണ്ട്.

തമല്ല,
ന്

നമ്മൾ വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ്. ഇസ്‌ലാമാകട്ടെ എല്ലാ കാലഘട്ടത്തിലേക്കും സാഹചര്യങ്ങൾക്കും അനുരൂപമായ മതമാണ്. പക്ഷേ ആരാണ് ഈ ധർമം നിർവഹിക്കാൻ മുന്നോട്ട് വരുന്നത്? തീർച്ചയായും നമ്മുടെ മനസ്സ് തന്നെയാണ് പ്രധാനം. യുക്തികൊണ്ട് നമ്മുടെ മനസ്സിനെ നാം പാകപ്പെടുത്തണം. നിശ്ചലമായ നമ്മുടെ യുക്തിബോധമാണ് വേദവാക്യങ്ങളെ വഞ്ചിച്ച് കളയുന്നത്. സജീവമായ യുക്തിബോധമാണ് വേദവാക്യങ്ങളെ സാർവലൗകികമാക്കുന്നത്.



● *അപ്പോൾ ഇതെല്ലാം ചെയ്തു തീർക്കേണ്ടത് ആരുടെ ഉത്തരവാദിത്വമാണ്?*

അത് കൂട്ടായ ഉത്തരവാദിത്വമാണ്. തീർച്ചയായും ആദ്യം പരാമർശിക്കപ്പെടേണ്ടത് മുസ്‌ലിം പണ്ഡിതന്മാരും ബുദ്ധിജീവികളും തന്നെയാണ്. ഒരു ഉൾക്കാഴ്ചയോടെ അവർ മുന്നോട്ട് വരികയും വളരെ ആധികാരികതയോടെ അത് കൈകാര്യം ചെയ്യുകയും വേണം. വേദവാക്യങ്ങളും അവയുടെ ഉറവിടങ്ങളും കൊണ്ട് തന്നെയാണ് അത് കൈ

കാര്യം ചെയ്യേണ്ടത്. അവർക്ക് ഇക്കാര്യത്തിൽ വലിയ ഉത്തരവാദിത്വമാണുള്ളത് എന്ന് ഞാൻ പറയും.

സാധാരണക്കാരായ മുസ്‌ലിംകൾക്കും തങ്ങളുടെ ഉത്തരവാദത്തെകുറിച്ച് ബോധ്യമുണ്ടാകണം. ഉന്നതങ്ങളിലിരിക്കുന്നവരെ കുറ്റപ്പെടുത്തിയതുകൊണ്ട് മാത്രം കാര്യമില്ലെന്നും തങ്ങൾക്കും ശക്തിയുണ്ടെന്നും അവർക്കും ബോധ്യപ്പെടണം.

സാധാരണക്കാരായ മുസ്‌ലിം ജനത നിഷ്ക്രിയരായതിന്റെ ഫലമാണ് ദുരിതത്തിന്റെ ഉത്തരവാദിത്വം മറ്റുള്ളവരുടെ തലയിൽ വെച്ചുകെട്ടാനുള്ള മനോഭാവം. മൊത്തം പ്രക്രിയയിൽ തങ്ങൾക്കും പങ്കുണ്ടെന്ന് അവർ തിരിച്ചറിയണം.

● *ബഹുസ്വര സമൂഹത്തിലെ വൈവിധ്യങ്ങളെ ഇസ്‌ലാം എങ്ങനെയാണ് നോക്കികാണുന്നത്?*

വൈവിധ്യം എന്നത് ഒരു ദൈവിക നിശ്ചയമാണ്. ദൈവം ഇഛിക്കുകയാണെങ്കിൽ മനുഷ്യകുലത്തെ ഒന്നടങ്കം ഒരൊറ്റ സമൂഹമാക്കിതീർക്കുമായിരുന്നുവെന്ന് ഖുർആൻ പറയുന്നു. നിങ്ങൾ തിരിച്ചറിയുന്നതിന് വേണ്ടിയാണ് നിങ്ങളെ ഗോത്രങ്ങളും വംശങ്ങളുമാക്കിയത്. അപ്പോൾ അത് ദൈവത്തിന്റെ ഇഛയാണ്. അതിനാൽ മറ്റുള്ളവരോട് സഹിഷ്ണുത മാത്രം പോരാ. അവരെ ആദരിക്കണം. ഒരു പ്രമുഖ പണ്ഡിതൻ അഭിപ്രായപ്പെട്ടതുപോലെ, വേണ്ടത് ആദരവാണ്.

ഇസ്‌ലാമിലുള്ളത് സഹിഷ്ണുതയല്ല, ആദരവാണെന്ന് ഞാൻ ഊന്നിപ്പറയും. ഞാൻ ഇവിടെ ഉണ്ടായിരിക്കുക എന്നത് ദൈവത്തിന്റെ നിശ്ചയമാണ്. ക്രൈസ്തവരും ജൂതരും ബുദ്ധമതക്കാരും നിരീശ്വരവാദികളും അരാജകത്വവാദികളുമെല്ലാം ഇവിടെ ഉണ്ടായിരിക്കണം എന്ന് അല്ലാഹുവിന്റെ നിശ്ചയമാണ്. ദൈവത്തിന്റെ ഇഛയെ നാം ആദരിച്ചേ പറ്റൂ എന്ന് മുസ്‌ലിംകൾ മനസ്സിലാക്കണം .

ആദരിക്കുക എന്ന് പറഞ്ഞാൽ നിങ്ങളുടെ അസ്തിത്വം ഞാൻ അംഗീകരിക്കുന്നു, നിങ്ങൾ ആദരിക്കപ്പെടേണ്ടവരാണെന്ന വസ്തുതയും ഞാൻ അംഗീകരിക്കുന്നു എന്നാണ്.

അതിനേക്കാളുപരി ഞാൻ നിങ്ങളെ അറിയാൻ അല്ലാഹു എന്നോട് കൽപിച്ചിരിക്കുന്നു. അതാകട്ടെ ദ്വിമുഖ പ്രക്രിയയാണ്. ആദരവ് എന്നാൽ നിങ്ങൾക്കുള്ള ഒരംഗീകാരവും നിങ്ങളെ കുറിച്ച് അറിയലുമാണ്. നിങ്ങളെ കുറിച്ച് ഞാൻ മനസ്സിലാക്കുക എന്നത് തന്നെ നിങ്ങൾക്കുള്ള ആദരവാണ്. അതുകൊണ്ട് ഞാൻ മനസ്സിലാക്കുന്നു, നമുക്ക് സഹിഷ്ണുത മാത്രം പോരാ. വൈവിധ്യം എന്നത് ദൈവത്തിന്റെ നിശ്ചയമാണെന്ന കാര്യം നാം വിസ്മരിക്കരുത്.

അതേസമയം ഇസ്‌ലാമിൽ ഒരൊറ്റ ചിന്താധാരയേ ഉള്ളൂ എന്ന മിഥ്യാധാരണയും നാം ഉപേക്ഷിച്ചേ പറ്റൂ. മുസ്‌ലിങ്ങൾക്കിടയിലും വൈവിധ്യങ്ങൾ ഉണ്ട്. അതൊരു യാഥാർഥ്യമാണ്.

ഈ വൈവിധ്യം വെല്ലുവിളി മാത്രമല്ല, അനുഗ്രഹം കൂടിയാണ്. ക്രിസ്ത്യാനികളും ജൂതരും ബുദ്ധമതക്കാരുമായി സംവാദത്തിൽ ഏർപ്പെടുന്നതിലൂടെ അവർ നമ്മെ നല്ല ആളുകളായി മാറ്റിയേക്കാം.

● *അധിക മുസ്‌ലിം സമൂഹങ്ങളെയും നയിക്കുന്നത് മത പണ്ഡിതരാണ്. സമൂഹത്തിൽ ആദരണീയരായി മാറുന്ന അവർ പറയുന്നതെല്ലാം ചോദ്യം ചെയ്യാതെ അംഗീകരിക്കപ്പെടുന്നു. അങ്ങനെ പല മുസ്‌ലിംകളും ചോദ്യം ചോദിക്കാൻ തന്നെ ഭയപ്പെടുന്ന അവസ്ഥ. ഇത് നിർഭാഗ്യകരമല്ലേ?*

പണ്ഡിതന്മാരെ നാം ആദരിക്കേണ്ടതുണ്ട്. പക്ഷേ അവരെ ചോദ്യം ചെയ്യാൻ ഭയപ്പെടേണ്ട കാര്യമില്ല. പ്രത്യേകിച്ചും ഇന്നത്തെ കാലത്ത്. പതിനഞ്ചു വർഷം മുമ്പ് പറയാത്ത കാര്യങ്ങളാണ് ഇന്ന് പറയുന്നത്. കാരണം പുതിയ സാഹചര്യങ്ങളുമായി മുസ്‌ലിംകൾ സംവേദിക്കുന്നു. അന്ധരായ അനുയായികളാണെന്ന അഭിനയം നിർത്തുകയും പണ്ഡിതന്മാർ അവരുടെ ഉത്തരവാദിത്വം നിർവഹിക്കുന്നില്ലെന്ന പരാതി ഒഴിവാക്കുകയും ചെയ്യണം. പ്രത്യേകിച്ചും അവർ സ്വയം തന്നെ അവരുടെ ഉത്തരവാദിത്വം നിർവഹിക്കാതിരിക്കുമ്പോൾ. എന്താണ് അവരുടെ ഉത്തരവാദിത്വം? വിമർശനാത്മക മനസ്സുമായി അവർ മുന്നോട്ട് വരേണ്ടതുണ്ട്. വിമർശനാത്മക മനസ്സില്ലാതെ തികഞ്ഞ വിശ്വാസമില്ല എന്ന് മനസ്സിലാക്കണം.

ഒരു പണ്ഡിതനോട് ചോദിക്കാൻ പോവുമ്പോൾ ഒരു തത്ത്വം നിങ്ങൾ പിന്തുടരേണ്ടതുണ്ട്. അദ്ദേഹം ഫത്‌വ തരുമ്പോൾ അതിന്റെ ഉറവിടത്തെ കുറിച്ച് നിങ്ങൾ ചോദിക്കണം. എനിക്ക് അതിന്റെ തെളിവ് തരൂ. നിങ്ങൾക്ക് ഉത്തരം കിട്ടിയാൽ മാത്രം പോരാ. എവിടെ നിന്നാണ് ആ ഉത്തരം

വരുന്നത് എന്നുകൂടി മനസ്സിലാക്കിയിരിക്കണം.

മുസ്‌ലിംകൾക്ക് ഇന്ന് ഉത്തരം മാത്രമേ ആവശ്യമുള്ളൂ. ഫത്‌വകൾക്ക് നേരെ ഒരു കാഴ്ചക്കാരന്റെ മനോഭാവമാണ് അവർ വെച്ചുപുലർത്തുന്നത്. പണ്ഡിതന്മാർക്ക് നേരെ അവർ നോക്കുകയും അവർക്ക് ആവശ്യമുള്ള ഫത്‌വകൾ നൽകുന്നവരിൽ നിന്ന് അത് സ്വീകരിക്കുകയും ചെയ്യുന്നു. ആത്മാർഥത ലവലേശമില്ലാത്ത ഈ മനോഭാവത്തെ ഇസ്‌ലാമികമെന്ന് വിശേഷിപ്പിക്കാൻ കഴിയില്ല. ആഴത്തിലുള്ള വെല്ലുവിളികളെയും ചോദ്യശരങ്ങളെയും നേരിടാൻ, മുസ്‌ലിംകളിൽനിന്ന് നാം പ്രതീക്ഷിക്കുന്നത് കൂടുതൽ ആത്മാർഥതയും നിരൂപണാത്മക മനസ്സുമാണ്.

പണ്ഡിതന്മാർ സമൂഹത്തിലേക്ക് ശ്രദ്ധിക്കുകയും എന്താണ് സംഭവിക്കുന്നതെന്ന് അറിയുകയും വേണം. പണ്ഡിതൻ എന്ന് പറഞ്ഞാൽ സമൂഹത്തെ സേവിക്കുന്നവനാണ്. സമൂഹത്താൽ സേവിക്കപ്പെടേണ്ട വ്യക്തിയല്ല. അദ്ദേഹത്തിന്റെ അധികാരവും ആധികാരികതയും താൻ സേവിക്കുന്ന സമൂഹത്തിൽ നിന്നുള്ളതാണ്. ഇപ്പോൾ നമുക്ക് ചുറ്റും സംഭവിക്കുന്നത് നേർവിപരീതമാണ്. പണ്ഡിതന്മാർക്ക് അമിതാധികാരം നൽകി ചില പണ്ഡിതന്മാരെ നാം വിഗ്രഹങ്ങളാക്കുകയാണ്.

മനസ്സിന്റെ ചോദ്യം ചെയ്യാനുള്ള ആർജവത്തെ നാം പുനരുജ്ജീവിപ്പിക്കേണ്ടിയിരിക്കുന്നു. പ്രവാചകന്റെ കാലത്ത് അദ്ദേഹം എന്തെങ്കിലും അഭിപ്രായമോ നിർദേശമോ പുറപ്പെടുവിച്ചാൽ അനുചരന്മാർ സംശയങ്ങൾ ചോദിക്കുന്നു. ഇത് ദൈവത്തിൽ നിന്നുള്ളതാണോ അതോ താങ്കളുടെ വ്യക്തിപരമായ അഭിപ്രായമാണോ എന്നൊക്കെ.

ഇത് തന്റെ അഭിപ്രായമാണെന്ന് പറഞ്ഞാൽ അവർ അതിന്റെ മറുവശം ചൂണ്ടിക്കാണിച്ചിരുന്നു. എങ്ങനെ ആ അഭിപ്രായത്തിലെത്തി എന്ന് അവർ അന്വേഷിച്ചിരുന്നു. അത് ദൈവത്തിൽ നിന്ന് വന്നതാണോ, എങ്കിൽ ഒരു പ്രശ്നവുമില്ല.

ആദ്യകാല പ്രവാചകന്റെ അനുയായികളുടെ ക്രിയാത്മകതയും ആത്മവിശ്വാസവും എന്താണെന്ന് മനസ്സിലാക്കാൻ നാം ഉത്ഭവകേന്ദ്രത്തിലേക്ക് തിരിഞ്ഞ് നോക്കേണ്ടിയിരിക്കുന്നു. വിശുദ്ധ വചനങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ലോകത്തെ അഭിമുഖീകരിക്കാനുള്ള ആർജവം നമുക്കുണ്ടാവുന്നില്ല. വേദവാക്യം കർശനമായി പരായണം ചെയ്യുകയും ലോകത്തെ പരിവർത്തിപ്പിക്കുകയും ചെയ്യാത്ത അവസ്ഥ അനുയോജ്യമാണോ? രാത്രി പാരായണത്തിൽ മുഴുകുന്ന നാം പകൽ, ലോകത്തെ മാറ്റാൻ യത്നിക്കുന്നില്ല. ലോകത്തെ പരിവർത്തിപ്പിക്കാൻ വിമർശനാത്മക ചിന്ത -യുക്തിവിചാരവും ഗ്രാഹ്യതയും - നമുക്ക് ആവശ്യമാണ്. നമ്മുടെ ഹൃദയം രാത്രി ഉറങ്ങാൻ പാടില്ല. നമ്മുടെ മനസ്സാകട്ടെ പകലും ഒരിക്കലും ഉറങ്ങരുത്. ഇത്തരത്തിലുള്ള ഒരു ഉണർത്ത് പ്രക്രിയയാണ് നമുക്കാവശ്യം. അത് വളരെ പ്രധാനമാണ്. ■

**വിവ: ഇബ്‌റാഹീം ശംനാട്**